# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/212/2018 2018 ഒക്ടോബർ 9

## വാർത്താക്കുറിപ്പ്

---

**പ്രാക്ടിക്കൽ**

2018 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ബയോകെമിസ്ട്രി (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 11 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

**പരീക്ഷാതീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ ആറാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം) 2015 അഡ്മിഷൻ റഗുലർ, 2009 - 2014 അഡ്മിഷൻ സപ്ലിമെന്ററി, 2009ന് മുമ്പുള്ള അഡ്മിഷൻ മേഴ്‌സി ചാൻസ്, പത്താം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം) 2006-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006ന് മുമ്പുള്ള അഡ്മിഷൻ മേഴ്‌സി ചാൻസ് പരീക്ഷകൾ ഒക്ടോബർ 30 മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഒക്ടോബർ 12 വരെയും 500 രൂപ പിഴയോടെ 15 വരെയും 1000 രൂപ സൂപ്പർഫൈനോടെ 16 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. മേഴ്‌സി ചാൻസ് പരീക്ഷയെഴുതുന്നവർ സ്‌പെഷൽ ഫീസായി 5000 രൂപ സി.വി. ക്യാമ്പ് ഫീസിനും പരീക്ഷാഫീസിനും പുറമെ അടയ്ക്കണം. 2018 മെയ് /ജൂൺ മാസങ്ങളിൽ നടന്ന ഒന്നും മൂന്നും അഞ്ചും സെമസ്റ്റർ മേഴ്‌സി ചാൻസ് പരീക്ഷയ്ക്ക് സ്‌പെഷൽ ഫീസടച്ചിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഫീസടയ്‌ക്കേണ്ടതില്ല. മുമ്പ് സ്‌പെഷൽ ഫീസ് അടച്ച രസീതിന്റെ പകർപ്പ് അപേക്ഷയോടൊപ്പം നൽകണം.

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം) 2016 അഡ്മിഷൻ റഗുലർ, 2010-2015 അഡ്മിഷൻ സപ്ലിമെന്ററി, 2010ന് മുമ്പുള്ള അഡ്മിഷൻ മേഴ്‌സി ചാൻസ്, എട്ടാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം) 2006-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006ന് മുമ്പുള്ള അഡ്മിഷൻ മേഴ്‌സി ചാൻസ് പരീക്ഷകൾ നവംബർ 28 മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഒക്ടോബർ 26 വരെയും 500 രൂപ പിഴയോടെ 27 വരെയും 1000 രൂപ സൂപ്പർഫൈനോടെ 29 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. മേഴ്‌സി ചാൻസ് പരീക്ഷയെഴുതുന്നവർ സ്‌പെഷൽ ഫീസായി 5000 രൂപ സി.വി. ക്യാമ്പ് ഫീസിനും പരീക്ഷാഫീസിനും പുറമെ അടയ്ക്കണം. 2018 മെയ് /ജൂൺ മാസങ്ങളിൽ നടന്ന ഒന്നും മൂന്നും അഞ്ചും സെമസ്റ്റർ മേഴ്‌സി ചാൻസ് പരീക്ഷയ്ക്ക് സ്‌പെഷൽ ഫീസടച്ചിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഫീസടയ്‌ക്കേണ്ടതില്ല. മുമ്പ് സ്‌പെഷൽ ഫീസ് അടച്ച രസീതിന്റെ പകർപ്പ് അപേക്ഷയോടൊപ്പം നൽകണം.

രണ്ടാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം) 2017 അഡ്മിഷൻ റഗുലർ/2011-2016 അഡ്മിഷൻ സപ്ലിമെന്ററി/2011ന് മുമ്പുള്ള അഡ്മിഷൻ മേഴ്‌സി ചാൻസ് ആന്റ് ആറാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം) 2006-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006ന് മുമ്പുള്ള അഡ്മിഷൻ മേഴ്‌സി ചാൻസ് പരീക്ഷകൾ (കോമൺ) നവംബർ 13ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഒക്ടോബർ 12 വരെയും 500 രൂപ പിഴയോടെ 15 വരെയും 1000 രൂപ സൂപ്പർഫൈനോടെ 16 വരെയും സമർപ്പിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. മേഴ്‌സി ചാൻസ് പരീക്ഷയെഴുതുന്നവർ സ്‌പെഷൽ ഫീസായി 5000 രൂപ സി.വി. ക്യാമ്പ് ഫീസിനും പരീക്ഷാഫീസിനും പുറമെ അടയ്ക്കണം. 2018 മെയ് /ജൂൺ മാസങ്ങളിൽ നടന്ന ഒന്നും മൂന്നും അഞ്ചും സെമസ്റ്റർ മേഴ്‌സി ചാൻസ് പരീക്ഷയ്ക്ക് സ്‌പെഷൽ

ഫീസടച്ചിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഫീസടയ്ക്കേണ്ടതില്ല. മുമ്പ് സ്പെഷൽ ഫീസ് അടച്ചതിന്റെ രസീതിന്റെ പകർപ്പ് അപേക്ഷയോടൊപ്പം നൽകണം.

## വൈവാവോസി – പ്രാക്ടിക്കൽ പരീക്ഷ

ബി.ബി.എ. ഓഫ് കാമ്പസ് മെയ് 2018 പരീക്ഷയുടെ പ്രോജക്ട്/വൈവാവോസി പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 15ന് ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളേജിൽ വച്ച് നടത്തും. മൂല്യനിർണയത്തിനുള്ള പ്രോജക്ട് അന്നേദിവസം സമർപ്പിക്കണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## പരീക്ഷാഫലം

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മ്യൂസിക് വോക്കൽ, മോഹിനിയാട്ടം (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 22 വരെ അപേക്ഷിക്കാം.

2018 ഫെബ്രുവരിയിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി. ഡിസെബിലിറ്റി സ്റ്റഡീസ് ആന്റ് റീഹാബിലിറ്റേഷൻ സയൻസസ് - സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 സെപ്റ്റംബറിൽ സ്കൂൾ ഓഫ് ബയോസയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. (മൈക്രോബയോളജി, ബയോകെമിസ്ട്രി, ബയോടെക്നോളജി, ബയോഫിസിക്സ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. ബയോഇൻഫർമാറ്റിക്സ്, ഇലക്ട്രോണിക്സ് (പി.ജി.സി.എസ്.എസ്. - റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 22 വരെ അപേക്ഷിക്കാം.

2017 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എഡ്. (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ അപേക്ഷിക്കാം.

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.ഡബ്ല്യു 2016 അഡ്മിഷൻ - റഗുലർ/2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ് സി.എസ്.എസ്. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ അപേക്ഷിക്കാം.

2017 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യു (2016 അഡ്മിഷൻ - റഗുലർ/2012, 2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ് സി.എസ്.എസ്. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ അപേക്ഷിക്കാം.

2018 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്സി. ഓപ്പറേഷൻസ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 23 വരെ അപേക്ഷിക്കാം.

## എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെ യോഗം 12ന്

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെ യോഗം ഒക്ടോബർ 12ന് രാവിലെ 10ന് സർവകലാശാല അസംബ്ലിഹാളിൽ നടക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. എല്ലാ പ്രോഗ്രാം ഓഫീസർമാരും യോഗത്തിൽ പങ്കെടുക്കണം.

## സുസ്ഥിര ജലവിഭവ മാനേജ്മെന്റ് രാജ്യാന്തര ശില്പശാല: രജിസ്ട്രേഷൻ

ജപ്പാനിലെ ടോക്കിയോ സോഫിയ സർവകലാശാലയുമായി ചേർന്ന് നവംബർ രണ്ട് മുതൽ എം.ജി. സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസസിൽ 'സുസ്ഥിര ജലവിഭവ മാനേജ്മെന്റ് എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന രാജ്യാന്തര ശില്പശാലയിൽ പങ്കെടുക്കുന്നതിന് രജിസ്റ്റർ ചെയ്യാം. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹായത്തോടെയാണ് ശില്പശാല നടത്തുന്നത്. ജലവിഭവ മാനേജ്മെന്റുമായി ബന്ധപ്പെട്ട പഠനം നടത്തുന്ന ഗവേഷകർക്കാണ് അവസരം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് ശില്പശാലയിൽ പങ്കെടുക്കാം. രജിസ്ട്രേഷന് 9746414687, 9400992464 (ഡോ. ജെ.ജി. റേ, കൺവീനർ) എന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പലസ്തീൻ സാഹിത്യം ചെറുത്തുനിൽപ്പിന്റെ നേർക്കാഴ്ചയെന്ന് ഗവേഷകർ

പലസ്തീൻ സാഹിത്യം ചെറുത്തുനിൽപ്പിന്റെ നേർക്കാഴ്ചയാണെന്ന് എം.ജി. സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടന്ന ചർച്ചസമ്മേളനം വിലയിരുത്തി. പലസ്തീൻ എഴുത്തുകാർ അക്ഷരങ്ങളെയും എഴുത്തിനെയും പ്രതിരോധ മാർഗം എന്ന നിലയിൽ ഫലപ്രദമായി ഉപയോഗിച്ചുവെന്ന് 'പലസ്തീനും പ്രവാസവും: ആഖ്യാനങ്ങളിലെ ഓർമ്മയും പ്രതിരോധവും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തിയ ഡോ. എ.കെ. ഷാഹിനാമോൾ പറഞ്ഞു.

ഡയറക്ടർ ഡോ. എ.എം. തോമസ് അദ്ധ്യക്ഷത വഹിച്ചു. ഷക്കീൽ അൻജും, ചിത്രാ സെയ്നി എന്നിവരും പ്രഭാഷണം നടത്തി. സോഷ്യൽ സയൻസ് ഫാക്കൽറ്റി ഡീൻ ഡോ. കെ.എം. സീതി, ഇന്ത്യൻ പ്രവാസ പഠനകേന്ദ്രം ചെയർമാൻ ലിറാർ പുളിക്കലകത്ത്, സെന്റർ ഫോർ വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ് ചെയർമാൻ ഡോ. എം.വി. ബിജുലാൽ, ഗവേഷക വിദ്യാർഥി അഥിത എന്നിവർ പ്രസംഗിച്ചു. എം.ജി. സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സും ഇന്ത്യൻ പ്രവാസ പഠനകേന്ദ്രവും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

**ഫോട്ടോ ക്യാപ്ഷൻ**

**എം.ജി. സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സും ഇന്ത്യൻ പ്രവാസ പഠനകേന്ദ്രവും സംയുക്തമായി 'പലസ്തീനും പ്രവാസവും: ആഖ്യാനങ്ങളിലെ ഓർമ്മയും പ്രതിരോധവും' എന്ന വിഷയത്തിൽ നടത്തിയ ചർച്ചസമ്മേളനത്തിൽ ഡോ. എ.കെ. ഷാഹിനമോൾ സംസാരിക്കുന്നു**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ